പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# പൂന്താനം സ്മാരക
# എ എൽ പി സ്കൂൾ കിഴാറ്റൂർ

Samagra Siksha Kerala
സമഗ്ര ശിക്ഷ കേരളം

**കിഴാറ്റൂർ പി ഒ , പട്ടിക്കാട് വഴി , മലപ്പുറം , പിൻ 679325**

# ചുവടുകൾ



## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

**“A master plan to empower today’s children, shape tomorrow’s leaders”**

# ആമുഖം

## പൊതു വിദ്യാലയങ്ങൾ – മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകുക, എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നിവയാണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. പൂന്താനം സ്മാരക എ എൽ പി സ്കൂളിനെ മികവിന്റെ മാതൃകയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, നമുക്ക് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന പൂന്താനം സ്മാരക എ എൽ പി സ്കൂൾ സജീവമായ പി.ടി.എ, എം.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും പൊതുസമക്ഷം സമർപ്പിക്കുന്നു.

**പി.ടി.എ. പ്രസിഡണ്ട്** **പ്രധാനാധ്യാപിക** **എം ടി എ പ്രസിഡണ്ട്**

# പൂന്താനം സ്മാരക എ എൽ പി സ്കൂൾ കിഴാറ്റൂർ

മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ മേലാറ്റൂർ ഉപജില്ലയിലെ കിഴാറ്റൂർ സ്ഥലത്തുള്ള ഒരു സർക്കാർ - എയിഡഡ് വിദ്യാലയമാണ് കിഴാറ്റൂർ എ എൽ പി സ്കൂൾ. കിഴാറ്റൂരിന്റെ സാംസ്കാരിക രംഗത്ത് അക്ഷരവെളിച്ചം പകർന്നു നൽകി തലമുറകളെ പ്രചോദിപ്പിക്കുന്ന ഊർജ്ജസ്രോതസ്സാണ് കിഴാറ്റൂർ എ എൽ പി സ്കൂൾ . ഈ വിദ്യാലയം കിഴാറ്റൂർ എന്ന ഗ്രാമത്തിന് നൽകിയ സാംസ്കാരിക പിന്തുണ എത്രയോ വലുതാണ്.

കുന്നുകളും പാടങ്ങളും ഇടകലർന്ന ഭൂപ്രകൃതിയാണിവിടെ . ഹിന്ദു , മുസ്ലിം വിഭാഗത്തിൽ പെട്ട സാധാരണക്കാരായ ജനങ്ങളാണ് ഇവിടെ വസിക്കുന്നത് . ആദ്യകാലത്ത് ക്രിസ്തുമതത്തിൽപ്പെട്ടവർ ഉണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ കുറച്ച് ക്രിസ്ത്യൻ കുടുംബങ്ങൾ കിഴാറ്റൂരിൽ താമസിക്കുന്നുണ്ട് . 1900 മുതൽ നാട്ടിലെങ്ങും വീശിയടിച്ച പ്രബുദ്ധതയുടെ കാറ്റ് കിഴാറ്റൂരിനെയും തഴുകി കടന്നുപോയി . അതിന്റെ ഫലമെന്നോണം പുരോഗമനേച്ഛുവായ ശ്രീ പഴേടത്തു നാരായണൻ നമ്പൂതിരി നൽകിയ ഒരേക്കർ ഭൂമിയിൽ സ്വാതന്ത്ര്യ സമര നേതാവായിരുന്ന ശ്രീ എം പി നാരായണമേനോന്റെ പിന്മുറക്കാർ ഈ സരസ്വതീക്ഷേത്രത്തിന് തറക്കല്ലിട്ടു .

കിഴാറ്റൂർ പുത്തൻവീട് പരിസരത്ത് എഴുത്തു പള്ളിക്കൂടമായിപ്രവർത്തിച്ച സ്കൂൾ 1928 മുതൽ ഇന്നു കാണുന്ന സ്ഥലത്ത് ഒരു പരിപൂർണ എൽ പി സ്കൂൾ ആയി പ്രവർത്തനമാരംഭിച്ചു . 1994 മുതൽ 2025 ജനുവരി വരെ ശ്രീ നങ്ങച്ചൻതൊടി സെയ്ദാലി ആയിരുന്നു മാനേജർ. 2025 ജനുവരി മുതൽ പൂന്താനം സ്മാരക സമിതി ആണ് സ്കൂൾ മാനേജ്മെന്റ് ആയി പ്രവർത്തിക്കുന്നത്. പ്രതിഭാധനരായ ഒട്ടനവധി അധ്യാപക ശ്രേഷ്ഠരുടെ ഓർമ്മകൾ ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ് . ഇപ്പോൾ ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 71 കുട്ടികളും പ്രീ പ്രൈമറി വിഭാഗത്തിൽ 34 കുട്ടികളും പഠിക്കുന്നു .

ശാന്തവും സുന്ദരവുമായ വിദ്യാലയാന്തരീക്ഷം , എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം , ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പരിശീലനം , എല്ലാ ഭാഗത്തേക്കും വാഹനസൗകര്യം ,പോഷകഗുണമുള്ളതും വൈവിധ്യമുള്ളതുമായ ഉച്ചഭക്ഷണപരിപാടി , കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കൃഷി , ശാസ്ത്രം ,ആരോഗ്യം തുടങ്ങിയ ക്ലബ്ബുകൾ ആയിരത്തിലധികം പുസ്തകങ്ങൾ ഉള്ള ലൈബ്രറി ,അടിസ്ഥാനശേഷീ വികസനത്തിനായി പ്രത്യേക പരിശീലനം , ദിവസവും നടക്കുന്ന തനിമയുള്ള അസംബ്ലി ,കലാ-കായിക-ശാസ്ത്ര മേളകളിലെ പങ്കാളിത്തം എന്നിവയെല്ലാം ഈ വിദ്യാലയത്തിന് മാറ്റു കൂട്ടുന്നു .

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | **:പൂന്താനം സ്മാരക എ എൽ പി സ്കൂൾ കിഴാറ്റൂർ** |
| മേൽവിലാസം | **:കിഴാറ്റൂർ പി ഒ, പട്ടിക്കാട് വഴി, മലപ്പുറം, 679325** |
| ഫോൺ | **:9497463629** |
| സ്കൂൾ കോഡ് | **:48311** |
| വിദ്യാഭ്യാസ ഉപജില്ല | **:മേലാറ്റൂർ** |
| വിദ്യാഭ്യാസ ജില്ല | **:വണ്ടൂർ** |
| റവന്യൂ ജില്ല | **:മലപ്പുറം** |
| ബി.ആർ.സി. | **:പെരിന്തൽമണ്ണ** |
| UDISE CODE | **:32050500513** |
| സി.ആർ.സി. | **:പട്ടിക്കാട്** |
| ഗ്രാമപഞ്ചായത്ത് | **:കിഴാറ്റൂർ** |
| ബ്ലോക്ക് പഞ്ചായത്ത് | **:പെരിന്തൽമണ്ണ** |
| ജില്ലാ പഞ്ചായത്ത് | **:മലപ്പുറം** |
| നിയമസഭാമണ്ഡലം | **:മഞ്ചേരി** |
| ലോകസഭാമണ്ഡലം | **:മലപ്പുറം** |
| താലൂക്ക് | **:പെരിന്തൽമണ്ണ** |
| വില്ലേജ് | **:കിഴാറ്റൂർ** |
| ഇ-മെയിൽ വിലാസം | : |
| facebook | : |
| youtube | : |
| സ്കൂൾ വിക്കി | : |

# പൊതുലക്ഷ്യങ്ങൾ

- ✔ സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ✔ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ✔ 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- ✔ വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ✔ ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- ✔ ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.
- ✔ ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- ✔ 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ✔ ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്റ്റീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ✔ ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- ✔ മാലിന്യ മുക്ത വിദ്യാലയം. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെൻ്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- ✔ കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
- ✔ വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
- ✔ പോക്സോ സംബന്ധമായ ബോധവൽക്കരണം.
- ✔ രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക - ഭൗതിക നേട്ടങ്ങൾ , പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ■ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | ■ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| ■ ആധുനിക രീതിയിൽ നവീകരിച്ച കെട്ടിടങ്ങൾ | ■ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായന യിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല. |
| ■ 1100 ന് മുകളിൽ പുസ്തകങ്ങൾ ഉള്ള മികച്ച ലൈബ്രറി | ■ മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാ നമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| ■ 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടിക ളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീ ലനം ലഭ്യമാക്കുന്നു. | ■ ഐ.സി.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. |
| ■ കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപ ഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | ■ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക പ്പെടേണ്ടതുണ്ട്. 30% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. |
| ■ പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വ്യക്തിഗത സപ്പോർട്ട് | ■ IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് |
| ■ സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ ഹിപ്പിക്കുന്ന വിദ്യാലയം. | ■ സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു |
| ■ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു | |
| ■ കാർഷികപ്രവൃത്തികൾ,ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ | |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ക്ലാസ്സ് തല വായനമൂല,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .

## പരിസര പഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**സാമൂഹികാവബോധം**

- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

**ഗണിതം**

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

**ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ**

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

**പ്രവൃത്തി പരിചയം**

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

**കലാപരിശീലനം**

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിൻ്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

**അറബിക്**

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
- ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. പിറന്നാൾ പുസ്തക പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, പി ടി എ | 2000 |

പ്രവർത്തനം : 2
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | അമ്മമാരുടെ പുസ്തക പരിചയം. അമ്മമാർ കഥ പറയുന്നു ഞാൻ വായിച്ച പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, പി ടി എ | ഇല്ല |

പ്രവർത്തനം : 3
പേര് : പത്രവായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായ വായന നേടുന്നതിന് | അസംബ്ലിയിൽ ഒരു ദിവസം ഒരു കുട്ടിയുടെ പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, | ഇല്ല |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം ( വായനാകോർണർ )
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുന്നതിന് - റീഡേഴ്സ് തീയേറ്റർ | ഒഴിവ് സമയങ്ങളിൽ ക്ലാസ് മുറികളിൽ വായനാമൂലകൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ വിദ്യാരംഗം കലാസാഹിത്യവേദി | ഇല്ല |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കൈയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ക്ലാസ്തലത്തിലെ മികച്ച സൃഷ്ടികൾ ചേർത്ത് ക്ലാസ്തല മാഗസിൻ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 7
പേര് : ക്ലാസ്തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ക്ലാസ്തലവിശേഷങ്ങൾ വിദ്യാലയ വിശേഷങ്ങൾ ചേർത്ത് ക്ലാസ്തല പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 8
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 9
പേര് : പാട്ടരങ്ങ്
ഉപമേഖല : ഭാഷാസമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം,ശബ്ദപ്രയോഗം,സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | സർഗവേളയിൽ കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 10
പേര് : റീഡേഴ്സ് തീയേറ്റർ
ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായാന താത്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം | സർഗവേളയിൽ കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകൻ, സംഭാഷണശൈലി ശബ്ദവ്യത്യാസം, എന്നിവ ഉപയോഗിച്ച് അഭിനയം, വായനയുടെ അവതരണം എന്നിവ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 11
പേര് : അരങ്ങത്തേക്ക്
ഉപമേഖല : അവതരണശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. | സർഗവേളയിൽ കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ , കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കിഅവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ | ഇല്ല |

## ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് പോസ്റ്റർ രചന
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്നു. | ഓരോ മാസവും ഏതെങ്കിലും വിഷയത്തിൽ ഇംഗ്ലീഷിലുള്ള പോസ്റ്റർ ഒരുക്കുന്നു.<br>June- Environmental day<br>July- Moon Day<br>August- Independence Day<br>September- Onam<br>October- Gandhi Jayanti<br>November- Keralappiravi<br>December- Christmas<br>January- New Year | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | ഇല്ല |

പ്രവർത്തനം : 2
പേര് : Reading Card Workshop
ഉപമേഖല : Reading Material

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്നു. | Preparing Reading Cards with the help of Parents . | July | ക്ലാസ് ടീച്ചർ SRG | 500 |

പ്രവർത്തനം : 3
പേര് : Work Sheet Workshop
ഉപമേഖല : Teacher Empowerment

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ സഹായിക്കുക | Preparing Work Sheets for specially abled children with the help of Parents . | July | ക്ലാസ് ടീച്ചർ SRG | 500 |

## അറബിക്

പ്രവർത്തനം : 3
പേര് : അറബിക് രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | പതിപ്പുകളുടെ നിർമാണം<br>വായനാക്കുറിപ്പ് ശേഖരണം<br>ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>ഭാഷാകേളികൾ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ | |

## ഗണിതം

പ്രവർത്തനം : 1
പേര് : ഗണിതലാബ് ( ഗണിതമധുരം)
ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | ജൂലൈ | SRG | |

പ്രവർത്തനം : 2
പേര് : ഗണിതമൂല
ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ ( മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ ) | ജൂലൈ | SRG | |

പ്രവർത്തനം : 3
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു വെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : ഗണിത ക്ലാസ് പി ടി എ
ഉപമേഖല : സി പി ടി എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും വിഭാവനം ചെയ്യുന്ന ഗണിതശേഷി കൈവരിക്കുന്നു വെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാസംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ PTA | |

പ്രവർത്തനം : 5
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകപഠനപദ്ധതി ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ SRG | |

## പരിസരപഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്രപഠനോപകരമ നിർമാണം
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷിക ൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം പഠനോപകരണങ്ങൾ നിർമിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം ( കുറിപ്പ് തയ്യാറാക്കൽ ) Std 4
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക,ശാസ്ത്ര അവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണ ഘട്ടങ്ങൾ മനസ്സിലാക്കി പരീക്ഷണത്തിൽ ഏർപ്പെടുക, പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷിക ളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | 3,4 ക്ലാസുകളിലെ മുഴുവൻ ശാസ്ത്ര പരീക്ഷണങ്ങൾക്കും ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 4000 |

## രാസലഹരി , മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : 1
പേര് : ലഹരി - രാസലഹരി , മൊബൈൽ അഡിക്ഷൻ
ഉപമേഖല : ശാരീരിക മാനസിക ബോധവൽകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | ബോധവൽകരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയിലൂടെ കുട്ടികളിൽ അവബോധം വളർത്തുന്നു | അധ്യയനത്തിന്റെ തുടക്കം മുതൽ | ആരോഗ്യ വകുപ്പ് | 1000 |

## സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹികാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | അധ്യയനത്തിന്റെ തുടക്കം മുതൽ | PTA SRG | 1500 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് , സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക | അധ്യയനത്തിന്റെ തുടക്കം മുതൽ | SSG | 1000 |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ആശുപത്രി, ഗ്രന്ഥാലയം എന്നിവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG | 3000 |

## വിവരസാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ ) | അധ്യയനത്തിന്റെ തുടക്കം മുതൽ | PSITC | ഇല്ല |

പ്രവർത്തനം : 2
പേര് : IT Lab
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | അധ്യയനത്തിന്റെ തുടക്കം മുതൽ | PSITC | ഇല്ല |

## സർഗവേദി

പ്രവർത്തനം : 1
പേര് : 'സർഗവേദി'
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിലൊരിക്കൽ എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ, SRG | ഇല്ല |

പ്രവർത്തനം : 2
പേര് : ടാലന്റ് ലാബുകൾ
ഉപമേഖല : ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമതാമ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയ്ന്റിങ്ങ് , എന്നീ മേഖലകളിൽ പരിശീലനം | അധ്യയനം - തുടക്കം മുതൽ | PTA SRG | 5000 |

പ്രവർത്തനം : 2
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കവിവിന്റെ വികസനത്തിന് അവസരമൊരുക്കൽ | കുട്ടികളുടെ മികവുകൾ സ്കൂൾ ചാനൽ വഴി | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ SRG | 5000 |

## ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : 'ആരോഗ്യ പരിശോധന'
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്താൻ ആരോഗ്യ പരിശോധന നടത്തുക | ജൂൺ അവസാന ആഴ്ച്ച | ആരോഗ്യവ കുപ്പ് | 1000 |

പ്രവർത്തനം : 2
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | ലഘു വ്യായാമം, ഗെയിംസ്, എയറോബിക്സ് എന്നിവ നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുക | ജൂൺ മുതൽ മാർച്ച് വരെ | SRG | ഇല്ല |

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയ ശിൽപശാല
ഉപമേഖല : നിർമാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ജൂലൈ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ | 5000 |

പ്രവർത്തനം : 1
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതരവിഷയ പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | റിസോഴ്സ് പേഴ്സൺ | 2000 |